(ബി) അടുത്ത അദ്ധ്യയന വർഷം ഏതെങ്കിലും പാഠപുസ്തകങ്ങൾ പുളിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ വിതരണം കെ.ബി.പി.എസിനെയാണ് ഏൽപ്പിച്ചിരുന്നത്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30-10-2015-നകം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ ആവശ്യമുള്ളപക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 7-12-2015-നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്.

(ബി) 9, 10 ക്ലാസുകളിലെ പുസ്തകങ്ങളും രണ്ടാം വർഷ വി.എച്ച്.എസ്.ഇ. വൊക്കേഷണൽ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും മാറുന്നുണ്ട്.

(സി) 5-11-2015-ലെ ഗവൺമെന്റ് ഉത്തരവ് (കൈ)നമ്പർ 281/2015/ പൊ.വി.വ ഉത്തരവ് പ്രകാരം 2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9, 10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.-കൾ എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും ലഭ്യമായവ കെ.ബി.പി.എസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തെ 7, 8 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് തുടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ്. ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ് ടു ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി കൈക്കൊണ്ടുവരുന്നു.

ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി

124 (1201) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പിന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടും 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്ക് ഇക അനുവദിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക അനുവദിക്കുന്നതിൽ സംഭവിച്ച വീഴ്ച എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; സർക്കാർ തന്നെ യോഗ്യത നിർണ്ണയിച്ച് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കാനും ഉത്തമ ശാസ്ത്രജ്ഞരെ വാർത്തെടുക്കാനും ലക്ഷ്യം വച്ചുള്ളതാണ് പ്രസ്തുത പദ്ധതി.

(സി) ഉണ്ട്.

(ഡി) പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തമൂലമാണ് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാത്തത്.

സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ

125 (1202) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പത്താംക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന് കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലും വിദ്യാഭ്യാസ നിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളാണ് ഈ സിലബസ് പ്രകാരം പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ നിർദ്ദേശം നൽകാനാവില്ല. എങ്കിലും ഇത് സംബന്ധിച്ച് രക്ഷിതാക്കളുടെ ബുദ്ധിമുട്ട് സംബന്ധിച്ച് ലഭിച്ച പരാതി സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡിന് അയച്ചിരുന്നു. മറുപടിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly